**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 969** **14-01-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. എൻ. ഷംസീർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. ഭൂജല വകുപ്പിനു കീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന കേരള ജല അതോറിറ്റി നടപ്പിലാക്കിയ പദ്ധതികളിൽ 10 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 2 എണ്ണം പ്രവൃത്തികൾ പൂർത്തീകരിക്കുകയും 8 എണ്ണം പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. പൂർത്തീകരിച്ച പദ്ധതികൾ (2 എണ്ണം) 1. സ്റ്റേറ്റ് പ്ലാൻ 2019-20 - അഞ്ചരക്കണ്ടി പെരളശ്ശേരി അനുബന്ധ പഞ്ചായത്ത് കുടിവെള്ള പദ്ധതി- കതിരൂർ പഞ്ചായത്തിൽ പരാംകുന്ന് ഭാഗത്ത് പഴയ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 26.50 ലക്ഷം 2. സ്റ്റേറ്റ് പ്ലാൻ 2019-20 - അഞ്ചരക്കണ്ടി പെരളശ്ശേരി അനുബന്ധ പഞ്ചായത്ത് കുടിവെള്ള പദ്ധതി- എരഞ്ഞോളി പഞ്ചായത്തിൽ വടക്കുനാട് മുതൽ കുറ്റപ്പാടി സ്കൂൾ വരെ പഴയ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 15 ലക്ഷം പ്രവൃത്തികൾ പുരോഗമിക്കുന്ന പദ്ധതികൾ - (8 എണ്ണം) 1. സ്റ്റേറ്റ് പ്ലാൻ 2019-20 - തലശ്ശേരി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി-മോറക്കുന്ന് സോൺ- തലശ്ശേരി താലൂക്കിൽ കോടിയേരി റോഡിൽ പഴയ വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 125 ലക്ഷം 2. ജലജീവൻ മിഷൻ- പന്ന്യന്നൂർ പഞ്ചായത്ത്- പന്ന്യന്നൂർ, പാന്നൂർ-മൊകേരി കുടിവെള്ളപദ്ധതി ഫേസ് 2 - 39 ലക്ഷം 3. ജലജീവൻ മിഷൻ- എരഞ്ഞോളി പഞ്ചായത്ത്- അഞ്ചരക്കണ്ടി, പെരളശ്ശേരി അനുബന്ധ പഞ്ചായത്ത് കുടിവെള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | ഫേസ്-2 - 899 ലക്ഷം 4. ജലജീവൻ മിഷൻ- കതിരൂർ പഞ്ചായത്ത്- അഞ്ചരക്കണ്ടി പെരളശ്ശേരി അനുബന്ധ പഞ്ചായത്ത് കുടിവെള്ള പദ്ധതി ഫേസ്-2 - 1092.09 ലക്ഷം 5. സ്റ്റേറ്റ് പ്ലാൻ 2020-21 - തലശ്ശേരി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി- തലശ്ശേരി ഗുഡ്ഷെഡ് റോഡിൽ പഴയ എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 10 ലക്ഷം 6. സ്റ്റേറ്റ് പ്ലാൻ 2020-21 - തലശ്ശേരി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി- തലശ്ശേരി ഗേൾസ് സ്കൂൾ മുതൽ ഫോറസ്റ്റ് ഓഫീസ് വരെ- എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 12 ലക്ഷം 7. സ്റ്റേറ്റ് പ്ലാൻ 2020-21 - തലശ്ശേരി കുടിവെള്ളപദ്ധതി- എടത്തിലമ്പലം മുതൽ കുയ്യാലി വരെ എ.സി. ഡിസ്ട്രിബ്യൂഷൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 10 ലക്ഷം 8. കിഫ്ബി 2017-18 - തലശ്ശേരി കുഞ്ഞിപറമ്പ് സംയോജിത കുടിവെള്ളപദ്ധതി - 8586 ലക്ഷം ജലനിധി മുഖേന നടപ്പിലാക്കിയ പദ്ധതികൾ തലശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കതിരൂർ ഗ്രാമപഞ്ചായത്തിലെ വണ്ണാത്തിക്കുളം ബൃഹത് കുടിവെള്ള പദ്ധതി 17-10-2017ൽ പ്രവൃത്തി ആരംഭിച്ചു. 30-07-2018 ൽ പദ്ധതി 13,74,800/-രൂപ ചെലവ് ചെയ്ത് പൂർത്തീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി വിഭാഗം 1 ന്റെ കീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ പറയുന്നു. PyIP- Flood damages 2018-19- Urgent rectification of breached canal near 4/000 Km in Pannyannur distributory of Mahi branch canal for the year 2018-19 for Rs.9,50,000/- project is completed. |
| (ബി) | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്ന് അറിയിക്കുമോ; ആയത് ത്വരിതപെടുത്തുന്നതിനാവിശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേരള ജല അതോറിറ്റി-തലശ്ശേരി കുഞ്ഞിപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്കാവശ്യമായ ഘടകങ്ങൾ പൂർത്തീകരിക്കുന്നതിന് 4 സ്വകാര്യ വ്യക്തികളുടേയും ഒരു സർക്കാർ ഭൂമിയും ആവശ്യമാണ്. സ്വകാര്യ ഭൂമിയിൻ മേലുള്ള ലാന്റ് അകിസിഷൻ നടപടി പുരോഗമിച്ചുവരുന്നു. തലശ്ശേരി ഗവ. കോളേജ് വക ഭൂമിയിൽ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടി പുരോഗമിച്ചുവരുന്നു. ആവശ്യമായ ഭൂമി വിട്ടുകിട്ടിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പദ്ധതി ത്വരിതപ്പെടുത്തുന്നതിനായി സ്വകാര്യ ഭൂമിക്ക് പകരം മറ്റ് സ്ഥലം കണ്ടെത്തുന്നതിനായി ശ്രമിക്കുന്നു. |

| | | | |
|---|---|---|---|
| | | | ബാക്കിയുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ദർഘാസ് നടപടി സ്വീകരിച്ചിരുന്നു. റോഡ് കട്ടിംഗ് ആവശ്യമായ പ്രദേശങ്ങളിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി കരാറുകാർക്ക് കർശന നിർദ്ദേശങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ